ഡിവിഷനുകൾ, പൊതു കുടിവെള്ള പദ്ധതികൾ, ക്രമസമാധാനത്തെ ബാധിക്കുന്ന കണക്ഷനുകൾ തുടങ്ങിയവയെ ഇതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. വിവിധ സർക്കാർ വകുപ്പുകൾ വരുത്തിയ വൈദ്യുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുതലവൻമാരുടെയും സെക്രട്ടറിമാരുടെയും യോഗം വിളിച്ചു കൂട്ടുകയും അതിലെടുത്ത തീരുമാനപ്രകാരം കുടിശ്ശിക എത്രയും പെട്ടെന്ന് അടച്ചു തീർക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) *(രൂപ ലക്ഷത്തിൽ)*

ദക്ഷിണമേഖല	..	9506.138
മദ്ധ്യമേഖല	..	11639.71
ഉത്തരമേഖല	..	15072.871

വൈദ്യുതി ഉൽപ്പാദനം, സംഭരണം, പ്രസരണം

207 [1149] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വൈദ്യുതി ഉൽപ്പാദനം, സംഭരണം, പ്രസരണം തുടങ്ങിയവ സംബന്ധിച്ച് ഏറ്റവും ഒടുവിലായി കേരള മുഖ്യമന്ത്രി, കേന്ദ്ര ഊർജ്ജ വകുപ്പ് മന്ത്രിയുമായി നടത്തിയ ചർച്ചയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് അവസാനം നൽകിയിട്ടുള്ള നിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) സംസ്ഥാന വൈദ്യുതി ബോർഡിനെ ഒരു സ്റ്റേറ്റ് ട്രാൻസ്മിഷൻ യൂട്ടിലിറ്റിയായും ലൈസൻസിയായും തുടരുന്നതിന് അനുമതി ലഭിക്കുന്നതിനെക്കുറിച്ച് ചർച്ചകൾ നടത്തുകയുണ്ടായി. ആറുമാസംകൂടി ബോർഡിനെ അത്തരത്തിൽ തുടരാൻ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly